**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1749** **19-01-2021 - ൽ മറുപടിയ്ക്ക്**

**ഡോ.ബി.ആർ.അംബേദ്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിലെ വികസനപ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | | **Dr.K.T.Jaleel**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം ഡോ.ബി.ആർ. അംബേദ്കർ മെമ്മോറിയൽ ഗവ. ആർട്സ് & സയൻസ് കോളേജിൽ എന്തൊക്കെ വികസനപ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ഡോ.ബി.ആർ.അംബേദ്ക്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിൽ എം.എൽ.എ ഫണ്ടിൽ നിന്ന് 4,20,00,000/- രൂപ ഉപയോഗിച്ച് കോളേജിന്റെ 30% നിർമ്മാണ പ്രവർത്തി നടത്തിയിട്ടുണ്ട്. തുടർന്ന് 2018-19 സാമ്പത്തിക വർഷം നിലവിലെ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 1,00,00,000/- രൂപയും കിണർ, പമ്പ് ഹൗസ്, വാട്ടർ ടാങ്ക് എന്നിവയുടെ നിർമ്മാണത്തിനായി 2018-19 സാമ്പത്തിക വർഷം 46ലക്ഷം രൂപയും പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. കൂടാതെ കിഫ്ബി പ്രൊജക്റ്റിൽ ഉൾപ്പെടുത്തി 11,41,31,737/-രൂപ ബാക്കിയുള്ള കെട്ടിട നിർമ്മാണ പ്രവർത്തികൾക്കായി അനുവദിച്ചിട്ടുണ്ട്. 2020-ൽ പുതിയ പി.ജി.കോഴ്സ് ആയ എം.എ.ഡെവലപ്മെന്റ് ഇക്കണോമിക്സ് പ്രസ്തുത കോളേജിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | കിഫ്ബി അനുവദിച്ച പത്തുകോടി രൂപയുടെ പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ബാലുശ്ശേരി സർക്കാർ ആർട്സ് & സയൻസ് കോളേജിലെ കിഫ്ബി പ്രവർത്തി നടത്തുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപെട്ട തിനെത്തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കിഫ്ബി നിർമ്മാണങ്ങൾ നടത്തുന്നതിന് KITCO യെ ആണ് നിർവഹണ ഏജൻസി ആയി നിശ്ചയിച്ചിട്ടുള്ളത്. പദ്ധതിക്കായി G.O(Rt) No.556/2020/HEDN dated 27.04.2020 ഉത്തരവ് പ്രകാരം 12,93,91,063/- രൂപ അനുവദിക്കുകയും TS No:36/HED/KIIFB/2020-2021 dated 04.06.2020 പ്രകാരം 11,10,69,868/- രൂപയുടെ സാങ്കേതിക അനുമതിയും ലഭ്യമായിട്ടുണ്ട്. ആയത് പ്രകാരം പ്രസ്തുത പദ്ധതിയുടെ ടെൻഡർ നടപടികൾ പുരോഗമിച്ച് വരുകയാണ്. ടെൻഡർ നടപടികൾ പൂർത്തീകരിച്ച ശേഷം കോൺട്രാക്ടറെ നിശ്ചയിച്ച് |

| | | | |
|---|---|---|---|
| | | | പ്രസ്തുത കോൺട്രാക്ടറുമായി കരാറിലേർപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (സി) | ഈ പ്രവൃത്തി എപ്പോൾ ആരംഭിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്? | (സി) | ബാലുശ്ശേരി സർക്കാർ ആർട്സ് & സയൻസ് കോളേജിലെ കിഫ്ബി പ്രവർത്തി നടത്തുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപെട്ട തിനെത്തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കിഫ്ബി നിർമ്മാണങ്ങൾ നടത്തുന്നതിന് KITCO യെ ആണ് നിർവഹണ ഏജൻസി ആയി നിശ്ചയിച്ചിട്ടുള്ളത്. പദ്ധതിക്കായി G.O(Rt) No.556/2020/HEDN dated 27.04.2020 ഉത്തരവ് പ്രകാരം 12,93,91,063/- രൂപ അനുവദിക്കുകയും TS No:36/HED/KIIFB/2020-2021 dated 04.06.2020 പ്രകാരം 11,10,69,868/- രൂപയുടെ സാങ്കേതിക അനുമതിയും ലഭ്യമായിട്ടുണ്ട്. ആയത് പ്രകാരം പ്രസ്തുത പദ്ധതിയുടെ ടെൻഡർ നടപടികൾ പുരോഗമിച്ച് വരുകയാണ്. ടെൻഡർ നടപടികൾ പൂർത്തീകരിച്ച ശേഷം കോൺട്രാക്ടറെ നിശ്ചയിച്ച് പ്രസ്തുത കോൺട്രാക്ടറുമായി കരാറിലേർപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ